**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 146** **22-06-2026-ൽ മറുപടിയ്ക്ക്**

**<u>സ്കൂൾ ഹെൽത്ത് സേവനങ്ങൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. പി. സുമോദ്

ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** ആരോഗ്യ വകുപ്പ് സ്കൂളുകളിൽ സ്കൂൾ ഹെൽത്ത് സേവനങ്ങൾ ലഭ്യമാക്കുന്നുണ്ടോ; വിശദമാക്കാമോ?

**<u>മറുപടി:</u>** സംസ്ഥാന ആരോഗ്യ വകുപ്പ് സ്കൂളുകളിൽ വിവിധ ആരോഗ്യ സേവനങ്ങൾ നടപ്പിലാക്കി വരുന്നു. 10.11.2025-ലെ സ.ഉ.(അച്ചടി) നം.109/2025/H&FWD ഉത്തരവ് പ്രകാരം 'അക്ഷരം ആരോഗ്യം' എന്ന സമഗ്ര സ്കൂൾ ആരോഗ്യ പദ്ധതിയുടെ വിശദമായ മാർഗ്ഗരേഖയ്ക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികളുടെ ശാരീരിക, മാനസിക, സാമൂഹിക ആരോഗ്യം മെച്ചപ്പെടുത്തുന്നതിനും വിദ്യാർത്ഥികൾക്ക് ശാരീരിക-മാനസിക-പ്രജനന ആരോഗ്യം, ആരോഗ്യകരമായ ജീവിതശൈലി, ലഹരിവസ്തുക്കളുടെ പ്രതിരോധം, സമൂഹമാധ്യമങ്ങളുടെ സുരക്ഷിതമായ ഉപയോഗം എന്നിവ സംബന്ധിച്ച് പ്രായാനുസൃതമായ അറിവുകൾ നൽകാനും ലക്ഷ്യമിട്ടാണ് ഈ പദ്ധതി ആവിഷ്കരിച്ചിരിക്കുന്നത്.

പദ്ധതിയുടെ കീഴിൽ ലഭ്യമാക്കുന്ന പ്രധാന സേവനങ്ങൾ ചുവടെ പറയുന്നവയാണ്:

<u>വാർഷിക ആരോഗ്യ പരിശോധന:-</u> വർഷത്തിൽ ഒരിക്കൽ നിർദ്ദിഷ്ട ചെക്ക്‌ലിസ്റ്റ് അടിസ്ഥാനമാക്കി എല്ലാ വിദ്യാർത്ഥികളെയും ഘട്ടംഘട്ടമായി സ്ക്രീനിംഗിന് വിധേയമാക്കുന്നു. രോഗങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സയ്ക്കായി കുടുംബാരോഗ്യ കേന്ദ്രങ്ങളിലേക്ക് റഫർ ചെയ്യുന്നു. ഇതിനായി ഓരോ വിദ്യാർത്ഥിക്കും ഹെൽത്ത് കാർഡ് തയ്യാറാക്കി സൂക്ഷിക്കുന്നുണ്ട്.

<u>ആരോഗ്യ ബോധവൽക്കരണ ക്ലാസ്സുകൾ:-</u> കൗമാര ആരോഗ്യ കൗൺസിലർമാരും പരിശീലനം ലഭിച്ച 'ഹെൽത്ത് മെന്റർ' അധ്യാപകരും ചേർന്ന് ആഴ്ചയിൽ രണ്ടുദിവസം വിവിധ സ്കൂളുകളിൽ ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. മാനസികാരോഗ്യം, ലഹരി വിരുദ്ധ ബോധവത്കരണം, പോഷകാഹാരം, വ്യക്തിശുചിത്വം, ലൈംഗിക-പ്രജനന ആരോഗ്യം തുടങ്ങിയ വിഷയങ്ങളിലാണ് ബോധവൽക്കരണം നൽകുന്നത്.

<u>വിളർച്ചാ പ്രതിരോധം (WIFS) & വിരനിർമ്മാർജ്ജനം (NDD):-</u> കുട്ടികളിലെ വിളർച്ച തടയാനായി പ്രതിവാരം അയൺ, ഫോളിക് ആസിഡ് ഗുളികകളും (WIFS), വർഷത്തിൽ രണ്ടുതവണ വിര നിർമ്മാർജന ഗുളികകളും (Albendazole) സൗജന്യമായി വിതരണം ചെയ്യുന്നു.

<u>ആർത്തവ ആരോഗ്യ പരിപാലനം:-</u> കൗമാരക്കാരായ പെൺകുട്ടികളിൽ ആർത്തവ ശുചിത്വത്തെക്കുറിച്ച് അവബോധം നൽകുന്നതിനോടൊപ്പം സാനിറ്ററി നാപ്കിനുകളുടെ വിതരണവും മെൻസ്ട്രുവൽ കപ്പ് പ്രൊമോഷനും നടപ്പിലാക്കുന്നു.

<u>രോഗപ്രതിരോധ കുത്തിവയ്പ്പ്:-</u> ദേശീയ പ്രതിരോധ കുത്തിവയ്പ്പ് പദ്ധതിയുടെ ഭാഗമായി വിവിധ പ്രായവിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് നൽകേണ്ട കുത്തിവയ്പ്പുകൾ സ്കൂളുകളുടെ സഹകരണത്തോടെ ഉറപ്പാക്കുന്നു.

<u>പ്രഥമശുശ്രൂഷാ പരിശീലനം:-</u> അടിയന്തര സാഹചര്യങ്ങളിൽ ഫലപ്രദമായി ഇടപെടുന്നതിനായി CPR ഉൾപ്പെടെയുള്ള പ്രഥമശുശ്രൂഷാ പരിശീലനവും ഫസ്റ്റ് റെസ്പോണ്ടർ സ്കില്ലുകളും വിദ്യാർത്ഥികൾക്കും അധ്യാപകർക്കും നൽകുന്നു.

<u>പിയർ എഡ്യൂക്കേറ്റർ (കുട്ടി ഡോക്ടർ) പദ്ധതി:-</u> കുട്ടികൾക്കിടയിലെ ആരോഗ്യ വ്യതിയാനങ്ങൾ കണ്ടെത്താനും ലളിതമായ പരിഹാരങ്ങൾ നിർദ്ദേശിക്കാനും തിരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകുന്നു.

സ്കൂൾ ആരോഗ്യ സൗഖ്യ പരിപാടി (School Health and Wellness Programme - SHWP ) , ദേശീയ കൗമാര ആരോഗ്യ പരിപാടി (Rashtriya Kishor Swasthya Karyakram – RKSK), അക്ഷരം ആരോഗ്യം എന്നിവയുടെ ഭാഗമായി സംയോജിത രീതിയിലാണ് ആരോഗ്യ സേവനങ്ങൾ നടപ്പിലാക്കുന്നത്. പദ്ധതികളുടെ നടത്തിപ്പിൽ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ക്രിയാത്മക സഹകരണവും ലഭ്യമാണ്.

**സെക്ഷൻ ഓഫീസർ**